# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3818** 19-03-2018-ൽ
മറുപടി നൽകേണ്ടത്

## ബാലുശ്ശേരി ഗവ. കോളേജിന് കിഫ്ബിയിലൂടെ ഫണ്ടുകൾ

ചോദ്യം ഉത്തരം

ശ്രീ. പുരുഷൻ കടലുണ്ടി : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| *(എ)* | പണി പൂർത്തീകരിക്കാതെ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവ. കോളേജുകളുടെ പണി പൂർത്തിയാക്കുന്നതിനായി കിഫ്ബിയിലൂടെ അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | *(എ)* | പണി പൂർത്തീകരിക്കാതെ, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവ. കോളേജുകളുടെ പണി പൂർത്തിയാക്കുന്നതിനായി കിഫ്ബി നിയമാവലി പ്രകാരം ഫണ്ട് അനുവദിക്കുവാൻ വ്യവസ്ഥയില്ല. |
| *(ബി)* | ബാലുശ്ശേരി ഗവ.ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം ഘട്ട പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഇതിന് ചെലവു വരുന്നത്; ഈ തുക മുഴുവനായും കിഫ്ബിയിലൂടെ ലഭ്യമാക്കുന്നതിൽ എന്താണ് തടസ്സമെന്നറിയിക്കാമോ ? | *(ബി)* | ബാലുശ്ശേരി ഗവ.ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പുതിയ നിർമ്മാണ പ്രവർത്തനമായി കണക്കാക്കി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിശദമായ മാസ്റ്റർ പ്ലാൻ/ ഡി.പി.ആർ തയ്യാറാക്കി Special Purpose Vehicle ആയ KITE മുഖാന്തിരം കിഫ്ബിയിലേയ്ക്ക് അപ് |

| | | | |
|---|---|---|---|
| | | | ലോഡ് ചെയ്യുന്നതിന് കിറ്റ്കോ എന്ന സ്ഥാപനത്തെ ചുമതല പ്പെടുത്തി യിട്ടുണ്ട്.<br>15.25 കോടി രൂപയുടെ എസ്റ്റിമേറ്റാണ് കിറ്റ്കോ തയ്യാറാക്കി യിരിക്കുന്നത്. ആയതിന്റെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ അപ് ലോഡ് ചെയ്ത ശേഷം, പ്രസ്തുത പ്രൊപ്പോസലിന്റെ സൂക്ഷ്മപരിശോധന സർക്കാർ തലത്തിലും, കിഫ്ബി സ്പെഷ്യൽ ടീം തലത്തിലും നടത്തിയതിനു ശേഷം മാത്രമേ ഇതിന് ഭരണാനുമതി നൽകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**